"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി- 2025 -26- പാലക്കാട്- പട്ടാമ്പി നിയോജകമണ്ഡലം - വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് - **നമ്പിയത്ത്പടി- ഏടാംകുന്ന് മൂലത്താംക്കോട് റോഡ്-** എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.478/2026/LSGD തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:- 1) 10.10.2025-ലെ സ.ഉ.(സാധാ.)നം.8139/2025/ധന.

2) 05.11.2025-ലെ സ.ഉ.(സാധാ.)നം.8943/2025/ധന.

3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.01.2026-ലെ LSGD/PD/2082/2026-EW6-നമ്പർ കത്ത്

ഉത്തരവ്

2025-26-അനുബന്ധം II, വാല്യം II ക്രമ നമ്പർ 553 പ്രകാരം 1 കോടി രൂപ എസ്റ്റിമേറ്റ് തുക കണക്കാക്കി 20% വിഹിതവും അനുവദിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഉൾപ്പെടുത്തിയ "**രായിരനെല്ലൂർ തീർത്ഥാടന കേന്ദ്ര നവീകരണം** " എന്ന പ്രവൃത്തിക്ക് പകരമായി ചുവടെ ചേർക്കുന്ന 3 പ്രവൃത്തികൾ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| ക്രമ നം | ഭേദഗതി പ്രവൃത്തികളുടെ പേര് | നിർവ്വഹണ വകുപ്പ് | എസ്റ്റിമേറ്റ് തുക | അനുവദിക്കുന്ന തുക (രൂപയിൽ) |
|---|---|---|---|---|
| 1 | കുമ്പാരം കട്ടി പാലം | പൊതുമരാമത്ത് വകുപ്പ് | 50 ലക്ഷം | 10,00,000 |
| 2 | വിളയൂർ സബ് രജിസ്ട്രേഷൻ -കെട്ടിടം നവീകരണം | പൊതുമരാമത്ത് വകുപ്പ് | 30 ലക്ഷം | 6,00,000 |
| 3 | തിരുവേഗപ്പുറ ഹെൽത്ത് സെന്റർ റോഡ് നവീകരണം | തദ്ദേശ സ്വയംഭരണ വകുപ്പ് | 20 ലക്ഷം | 4,00,000 |
| | | **ആകെ** | **100 ലക്ഷം** | **20,00,000** |

2) മേൽ പ്രവൃത്തികളിൽ ക്രമ നമ്പർ.3 ആയി ഉൾപ്പെട്ട "**തിരുവേഗപ്പുറ ഹെൽത്ത് സെന്റർ റോഡ് നവീകരണം"** എന്ന പ്രവൃത്തിയ്ക്ക് പകരം മറ്റ് വിശദാംശങ്ങളിൽ മാറ്റം വരുത്താതെ '**നമ്പിയത്ത്പടി- ഏടാംകുന്ന് മൂലത്തംകോട് റോഡ്"** എന്ന പ്രവൃത്തി ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം 20 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയും, നാല് ലക്ഷം രൂപ വകയിരുത്തിയതുമായ '**നമ്പിയത്ത്പടി- ഏടാംകുന്ന് മൂലത്തംകോട് റോഡ്"** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം

അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് നിർവ്വഹണ വകുപ്പായ **'തിരുവേഗ ഹെൽത്ത് സെന്റർ നവീകരണം'** പ്രവൃത്തിക്ക് പകരമായി, ഉൾപ്പെടുത്തിയിട്ടുള്ള **'നമ്പിയത്ത്പടി- ഏടാംകുന്ന് മൂലത്തംകോട് റോഡ്'** എന്ന പ്രവൃത്തിക്ക് **20 ലക്ഷം രൂപയുടെ (ഇരുപത് ലക്ഷം രൂപ മാത്രം** ) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **4515-00-800-92(NP)** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
4) ധനകാര്യ വകുപ്പ്.(E:3413553/DEV-3/46/2026-Fin dated 20.02.2026) (AS/ LGD/25/49161)
5) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
6) ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
7) കരുതൽ ഫയൽ.(DB2/103/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 25-02-2026 15:02:22